## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1218 12.03.2015-ൽ മറുപടി

## ലാന്റ് ബാങ്കിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ലാന്റ് ബാങ്കിന്റെ പ്രവർത്തനം എന്തെല്ലാമാണ്; പുറംപോക്ക് ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കാറുണ്ടോ; തിരുവനന്തപുരം താലൂക്കിൽ തിരുവനന്തപുരം നഗരസഭാ അതിർത്തിയിൽ ലാന്റ് ബാങ്കിൽ ഉൾപ്പെട്ട റവന്യൂ ഭൂമി സംബന്ധിച്ച് വിശദമാക്കാമോ; | സംസ്ഥാനത്തെ സർക്കാർ ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുകയും, ആയത് സംരക്ഷിക്കുകയും ചെയ്യുക. കൂടാതെ ടി ഭൂമിയിന്മേലുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുക, അർഹരായവർക്ക് ഭൂമി പതിച്ച് നൽകുക എന്നിവയാണ് ലാന്റ് ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്.<br>പുറംപോക്ക് ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കാറുണ്ട്.<br>തിരുവനന്തപുരം നഗരസഭാ പരിധിയിൽപ്പെട്ട വില്ലേജുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള 554 കേസുകളിൽപെട്ട 543.3558 ഹെക്ടർ സർക്കാർ ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം വില്ലേജുകളിൽപ്പെട്ട ഏതെല്ലാം സർവെ നമ്പറുകളിലായി എത്ര ഏക്കർ ഭൂമി വീതം സർക്കാരിന്റേതായിട്ടുണ്ട്; | കേരളത്തിലെ എല്ലാ വില്ലേജുകളിലും ഉൾപ്പെട്ട സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ ലാന്റ് ബാങ്കിന്റെ http://www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| (സി) | സർക്കാർ പാട്ടത്തിൽ കൊടുത്ത ഭൂമി ഏതെല്ലാമാണ്; ആർക്കെല്ലാം പാട്ടത്തിനു നൽകിയിട്ടുണ്ട്; പാട്ടകരം കുടിശ്ശിക വരുത്തിയവർ ആരൊക്കെ; | പാട്ടത്തിന് നൽകിയ ഭൂമിയുടെ പൂർണ്ണ വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | തിരുവനന്തപുരം താലൂക്കിലെ ഏതെല്ലാം ഭൂമിയ്ക്ക് പാട്ടത്തിനു ലഭിക്കാൻ ആരിൽ നിന്നെല്ലാം അപേക്ഷ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | അപേക്ഷ സമർപ്പിച്ചവരുടെ പേരുവിവരം പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ